**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 161** **23-08-2022 - ൽ മറുപടിയ്ക്ക്**

**വാമനപുരം നിയോജകമണ്ഡലത്തിലെ അഗ്നിരക്ഷാ നിലയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിൽ പാലോട് കേന്ദ്രമാക്കി പുതിയ അഗ്നിരക്ഷാ നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി നൽകിയെങ്കിലും ഇതുവരേയും അഗ്നിരക്ഷാ നിലയം തുറന്ന് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | വാമനപുരം നിയോജകമണ്ഡലത്തിൽ പാലോട് കേന്ദ്രമാക്കി പുതിയ അഗ്നിരക്ഷാ നിലയത്തിനായി ലഭ്യമായ സ്ഥലത്ത് എം.എൽ.എ ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചെലവഴിച്ച് രണ്ട് മൊബൈൽ ടാങ്ക് യൂണിറ്റുകൾ പാർക്ക് ചെയ്യുന്നതിനുള്ള ഗ്യാരേജ് , രണ്ട് ഓഫീസ് മുറികൾ എന്നിവ ഷീറ്റ് മേൽക്കൂരയിൽ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ 24 മണിക്കൂറും പ്രവർത്തിക്കേണ്ട ഫയർ & റെസ്ക്യൂ സ്റ്റേഷനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ടി കെട്ടിടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല . ഫയർ സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | അഗ്നിരക്ഷാ നിലയം തുറന്ന് പ്രവർത്തിക്കാൻ താമസം വരികയാണെങ്കിൽ നിർമ്മാണം പൂർത്തിയാക്കിയ ഓഫീസ് സംവിധാനങ്ങൾ അന്യാധീനപ്പെട്ട് നശിക്കാൻ സാധ്യതയുള്ളതിനാൽ അഗ്നിരക്ഷാ നിലയത്തിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | വാമനപുരം നിയോജകമണ്ഡലത്തിൽ പാലോട് കേന്ദ്രമാക്കി പുതിയ അഗ്നിരക്ഷാ നിലയത്തിനായി ലഭ്യമായ സ്ഥലത്ത് എം.എൽ.എ ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചെലവഴിച്ച് രണ്ട് മൊബൈൽ ടാങ്ക് യൂണിറ്റുകൾ പാർക്ക് ചെയ്യുന്നതിനുള്ള ഗ്യാരേജ് , രണ്ട് ഓഫീസ് മുറികൾ എന്നിവ ഷീറ്റ് മേൽക്കൂരയിൽ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ 24 മണിക്കൂറും പ്രവർത്തിക്കേണ്ട ഫയർ & റെസ്ക്യൂ സ്റ്റേഷനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ടി കെട്ടിടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല . ഫയർ സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ